ആശുപത്രികൾ, അമ്പലങ്ങൾ, കൃസ്തീയ, മുസ്ലീം ദേവാലയങ്ങൾ മറ്റു പൊതു സ്ഥലങ്ങൾ മുതലായ ഇടങ്ങളിൽ നടുന്നതിനാവശ്യമായ മുഴുവൻ തൈകളും ഔഷധി നഴ്സറിയിൽ ഉൽപ്പാദിപ്പിച്ച് വിതരണംചെയ്തു.

(എഫ്) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സംസ്ഥാനത്ത് ആയുർവേദ ഡ്രഗ്സ് കൺട്രോൾ വിഭാഗം പ്രവർത്തിക്കുന്നുണ്ട്. ആയുർവേദ ഡിപ്പാർട്ട്മെന്റിന് നൽകുന്ന ഔഷധിയുടെ മരുന്ന് ആയുഷിന്റെ ഗൈഡ്ലൈൻ പാലിച്ച് ഗുണനിലവാരം ഉറപ്പുവരുത്തിയിട്ടുള്ളതാണ്.

കെ.ടി.ഡി.എഫ്.സി.-യുടെ പ്രവർത്തനം

27 (*87) ശ്രീ. എൻ. ശക്തൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ടി. എൻ പ്രതാപൻ :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.ടി.ഡി.എഫ്.സി.യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമാക്കുന്നതിനായി എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിൽ ഉള്ളത് ;

(ബി) കെ.എസ്.ആർ.ടി.സി.യുടെ ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ ഇപ്പോൾ കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്തിട്ടുള്ളത് ;

(സി) കെ.ടി.ഡി.എഫ്.സി.യുടെയും മോട്ടോർ വാഹന വകുപ്പിന്റേയും സംയുക്ത സംരംഭമായ ട്രാൻസ് ടവേഴ്സ് സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിച്ചുവോ ; ഇല്ലെങ്കിൽ കാലതാമസമുണ്ടായതിനുള്ള കാരണങ്ങൾ എന്തായിരുന്നു ;

(ഡി) ഇത്തരത്തിലുള്ള ഏതൊക്കെ പുതിയ സംരംഭങ്ങൾ ഏറ്റെടുക്കാനാണ് കെ.ടി.ഡി.എഫ്.സി. പദ്ധതിയിട്ടിരിക്കുന്നതെന്ന് വിശദമാക്കുമോ ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) :

(എ) കെ.ടി.ഡി.എഫ്.സി.-യുടെ പ്രവർത്തനമേഖല വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുംവേണ്ടി ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ നടപ്പാക്കിവരുന്നു :

1. ഭരണനിർവ്വഹണച്ചെലവുകൾ കുറയ്ക്കുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി പ്രവർത്തനം പൂർണ്ണമായും കംപ്യൂട്ടർവൽക്കരിച്ചു.
2. ബി.ഒ.ടി. അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.
3. കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനമൂലധനത്തിനും ബസ്സുകൾ വാങ്ങുന്നതിനുംമറ്റുമായി കെ.ടി.ഡി.എഫ്.സി. വായ്പകൾ നൽകിവരുന്നു.
4. കെ.ടി.ഡി.എഫ്.സി.-യിലെ എല്ലാ നിയമനങ്ങളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ കൊണ്ടുവരികയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

5. കമ്പനിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക എന്ന ഉദ്ദേശത്തോടെ വായ്പകൾ എടുത്തവരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഒരു ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി കെ.ടി.ഡി.എഫ്.സി.-യിൽ രൂപീകരിച്ചിട്ടുണ്ട്.

6. കോർപ്പറേഷൻ നൽകിയിട്ടുള്ള ലോണുകളിൽ തിരിച്ചടവ് അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുള്ള വായ്പക്കാരിൽനിന്നും കുടിശ്ശിക തുക ഈടാക്കുന്നതിനുള്ള റിക്കവറി നടപടികൾ ഊർജ്ജിതമാക്കിയിട്ടുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി. രണ്ടുഘട്ടങ്ങളിലായി നിർമ്മിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള 59 ബസ് സ്റ്റേഷൻ-കം-ഷോപ്പിംഗ് കോംപ്ലക്സുകളിൽ 8 എണ്ണത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളാണ് ബി.ഒ.ടി. അടിസ്ഥാനത്തിൽ കെ.ടി.ഡി.എഫ്.സി. ഏറ്റെടുത്തിട്ടുള്ളത്. അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ (തമ്പാനൂർ), പേരൂർക്കട, സ്റ്റാഫ് ട്രെയിനിംഗ് സെന്റർ (ഫോർട്ട്, തിരുവനന്തപുരം), മലപ്പുറം, തിരുവല്ല, കരുനാഗപ്പള്ളി എന്നിവയാണ് ഈ കേന്ദ്രങ്ങൾ. ഇവയിൽ അങ്കമാലി ഉത്ഘാടനംചെയ്യപ്പെട്ടു.

(സി) ട്രാൻസ് ടവേഴ്സ് സമുച്ചയം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സാധിച്ചില്ല. കാലതാമസം നേരിട്ടതിനുള്ള പ്രധാന കാരണങ്ങൾ ചുവടെ വിവരിക്കുന്നു :

1. മരങ്ങൾ മുറിച്ചുമാറ്റിയും കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയും നിർമ്മാണം നടത്തേണ്ടസ്ഥലം കരാറുകാരന് കൈമാറുന്നതിന് താമസംനേരിട്ടു.

2. സിമന്റ്, കമ്പി എന്നീ നിർമ്മാണ വസ്തുക്കളുടെ വില അനിയന്ത്രിതമായി വർദ്ധിച്ച സാഹചര്യത്തിൽ കരാറുകാരൻ കരാർ നടപ്പാക്കുന്നതിന് താൽപ്പര്യക്കുറവുകാണിച്ചു.

3. തുടർന്ന് സിമന്റ്, കമ്പി എന്നിവ ഡിപ്പാർട്ടുമെന്റിൽ സപ്ലൈ ആയി കരാറുകാരന് നൽകുന്നതിനുവേണ്ടി നടപടിക്രമങ്ങൾക്കായുള്ള കാലതാമസവും ദർഘാസ് നടപടികളിലൂടെ അവ കരാറുകാരന് നൽകുവാൻവന്ന കാലതാമസവും.

4. ഭൂചലനംപോലുള്ള അപകട സാധ്യതകൾ കണക്കിലെടുത്ത് രൂപകൽപ്പനയിലും സ്പെസിഫിക്കേഷനിലും മാറ്റം വരുത്തിയതുമൂലമുള്ള കാലതാമസം.

5. നിർമ്മാണ പ്രവർത്തനങ്ങൾക്ക് സ്ഥലപരിമിതിമൂലമുണ്ടായ തടസ്സങ്ങൾ.

6. നിർമ്മാണഘട്ടത്തിൽ പലപ്പോഴുമുണ്ടായ നിർമ്മാണ വസ്തുക്കളുടെ ദൗർലഭ്യം.

(ഡി) ഇത്തരത്തിലുള്ള 8 പദ്ധതികൾ കെ.എസ്.ആർ.ടി.സി.-ക്കുവേണ്ടി ഏറ്റെടുക്കുകയും അവയിൽ ഒന്നിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly